കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ റോഡ് കുന്നിപ്പള്ളി–മുക്കോലയ്ക്കൽ റോഡ്. ആ റോഡിന്റെ പണി 1986-ൽ തുടങ്ങിയതാണ്. അതിന്റെ ടെൻഡർ വ്യവസ്ഥയിൽ സാങ്കേതികമായ ചില അപാകതകളും ഉണ്ടെന്നു ചൂണ്ടിക്കാണിച്ച് കരാറുകാരൻ തന്നെ ആക്ഷേപം തന്നിട്ടുണ്ട്. ചില കാര്യങ്ങളിൽ വാസ്തവം ഉണ്ടെന്നു ഗവൺമെന്റിനു സംശയമുണ്ട്. അതുകൊണ്ട് ആ കാര്യങ്ങളും അന്വേഷിച്ച് ആവശ്യമായിട്ടുള്ള നിർദ്ദേശം തരാൻ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രവൃത്തിയും ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(28) ട്രഷറി നിയന്ത്രണം

ശ്രീ. കെ. എ. ചന്ദ്രൻ: ചിറ്റൂർപുഴ പദ്ധതിയുടെ ഏറ്റവും വലിയ കനാലുകളിൽ ഒന്നാണ് കുന്നങ്കാട്ടുപതി കനാൽ. അതിനു മുപ്പത്തിയൊന്നര കിലോമീറ്റർ ദൂരമുണ്ട്. അതിൽ എട്ടു കിലോമീറ്റർ ദൂരം ആർ.എൽ.ഇ.ജി.പി.-യിൽ ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന ഇരുപത്തി മൂന്നര കിലോമീറ്റർ ദൂരം പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനു രണ്ടു കോടി രൂപയോളം ചെലവുവരുകയും ചെയ്യും. ഇൻഡ്യയിൽ നടക്കുന്ന ഏറ്റവും വലിയ ആർ.എൽ.ഇ.ജി.പി. പ്രവൃത്തിയാണിത്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കേണ്ടതായിരുന്നു. പക്ഷേ അത് കഴിഞ്ഞില്ല. ഇപ്പോഴും ചെയ്ത പണികൾക്ക് കൊടുത്ത ചെക്ക് ട്രഷറി വിലക്കുമൂലം മാറാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ബാക്കി പണി ചെയ്യുന്നതിനു സിമന്റ് എടുക്കാനും നിവൃത്തിയില്ലാത്ത ദുരവസ്ഥയുണ്ട്. ഈ പണി ചെയ്യാൻ വേണ്ടി കഴിഞ്ഞ സെക്കൻറ് ക്രോപ്പ് മൂവായിരം ഏക്കർ നെൽകൃഷി ചെയ്യാതിരിക്കുന്നതാണ്. അങ്ങനെയുള്ള സ്ഥലത്താണ് ഈ പണി. അതുകൊണ്ട് തുടർന്ന് പണി നടത്തുന്നതിനു ട്രഷറി വിലക്ക് അടിയന്തിരമായി നീക്കം ചെയ്തു സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. മുഖേനയുള്ള പ്രവർത്തികളെ ഏകോപിപ്പിച്ച് എൻ.ആർ.വൈ. എ.ആർ.വൈ. സ്കീമിൽ ഉൾപ്പെടുത്തി പണികൾ തുടങ്ങുന്നുണ്ട്. എ.ആർ.വൈ., എൻ.ആർ.വൈ. സ്കീമിൽപ്പെട്ട പ്രവർത്തികളുടെ ചെക്ക് പി.എസ്.പി., ടി.പി., ബി.ഡി. അക്കൗണ്ടുകളിലേക്ക് പണം ക്രെഡിറ്റ് ചെയ്യുന്നതിനും അതിൽ നിന്ന് പണം പിൻവലിക്കുന്നതിനും ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് 7–12–1990-ലെ 5194/90-ാം നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2–3–1991-ലെ 151/91-ാം നമ്പർ ഉത്തരവിലെ അവസാന ഖണ്ഡികയിൽ എ.ആർ.വൈ., എൻ.ആർ.വൈ. സ്കീമുകളിലെ പേമെന്റുകൾ 51294-ാം നമ്പർ ഉത്തരവുപ്രകാരം ട്രഷറിയിൽനിന്ന് തുക പിൻവലിക്കാനും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും ചില ട്രഷറികൾ ഈ ചെക്കുകൾ പണമാക്കി നൽകുന്നില്ല എന്ന് അറിഞ്ഞതിനെത്തുടർന്ന് എ.ആർ.വൈ., എൻ.ആർ.വൈ. ചെക്കുകൾ പണമാക്കി നൽകണമെന്ന് 16–3–1991-ലെ 20250-ാം നമ്പർ കത്തുപ്രകാരം എല്ലാ ട്രഷറി ആഫീസർമാർക്കും നിർദ്ദേശം നൽകുകയും ഈ വിവരം ടി. പി. മെസേജ് വഴി എല്ലാ ജില്ലാ കളക്ടർമാരേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽനിന്ന് ചെക്കുകൾ മാറുന്നതിനുള്ള നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ആയതിനാൽ ചിറ്റൂർപ്പുഴ പദ്ധതിയിലെ കുന്നംകാട്ടുപതി കനാൽ പദ്ധതിയുടെ പ്രവർത്തിക്കുവേണ്ടി ചെക്ക് പണമാക്കി നൽകുന്നതിന് യാതൊരുവിധ ട്രഷറി വിലക്കുകളും നിലവിൽ ഇല്ലെന്നുള്ള വസ്തുത സഭയെ അറിയിക്കുന്നു.

(29) വെയർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കാതെ അവരുടെ വയസ് 55 ആയി ചുരുക്കുകയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താതെ ഇരിക്കുകയും ചെയ്യുകയാണ്. മറ്റുള്ള എല്ലാ സ്ഥാപനങ്ങളിലും വയസ് 55 ആയി ചുരുക്കുകയും പെൻഷൻ ഏർപ്പെടുത്തുകയും ചെയ്തു. 55 വയസ്സ് ഉള്ളതിൽ പെൻഷൻ കൊടുക്കാത്ത ഏകസ്ഥാപനം വെയർ ഹൗസിംഗ് കോർപ്പറേഷൻ മാത്രമാണ്. ചുരുക്കം ആളുകളെ അതിലുള്ളൂ. അവർക്കു കൂടി പെൻഷൻ പദ്ധതി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. വി. ജെ. തങ്കപ്പൻ): സർ, വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്കുകൂടി പെൻഷൻ നൽകണമെന്നുള്ള ഒരു നയപരമായ തീരുമാനം ഗവൺമെന്റ് മുമ്പെ എടുത്തിട്ടുണ്ട്. 55 വയസ്സും കേരള സർവ്വീസ് റൂൾസ് ബാധകമായിട്ടുള്ള മുഴുവൻ ജീവനക്കാർക്കും അവർ ഏത് സ്ഥാപനത്തിൽ ജോലി നോക്കുന്നുവെന്നുള്ളതു കണക്കിൽ എടുക്കാതെ പെൻഷൻ നൽകണമെന്നാണ് നയപരമായി ഗവൺമെന്റ് എടുത്ത തീരുമാനം. അതിനനുസൃതമായി പല വകുപ്പുകളും അവരുടേതായ പ്രൊപ്പോസലുകൾ ഗവൺമെന്റിലേക്ക് തന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അത് വിശദമായി പരിശോധിച്ച് തീരുമാനം എടുക്കേണ്ട ഘട്ടം വന്നപ്പോൾ ആണ് തെരഞ്ഞെടുപ്പിന്റെ കേളികൊട്ട് തുടങ്ങിയത്. അത് തീരുമാനിക്കേണ്ടതിനുള്ള ഘട്ടം വന്നപ്പോഴാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം വന്നത് ചില വിഭാഗം ആളുകൾക്കോ ജീവനക്കാർക്കോ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ കൊടുക്കുന്ന യാതൊരു പ്രഖ്യാപനങ്ങളും നടത്തരുത് എന്ന്. അതുകൊണ്ടാണ് അങ്ങനെയൊരു തീരുമാനം എടുത്ത് ഡിക്ലയർ ചെയ്യാൻ കഴിയാതെ പോയത്. നയപരമായി വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്കും പെൻഷൻ നൽകണമെന്നാണ് ഗവൺമെന്റ് എടുത്തിരുന്ന തീരുമാനം. ഇപ്പോൾ അത് പ്രഖ്യാപിക്കാൻ കഴിയാത്തത് ജീവനക്കാർക്കോ ഏതെങ്കിലും വിഭാഗം ആളുകൾക്കോ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ കഴിഞ്ഞ മാസം 25-ാം തീയതിക്കുശേഷം പ്രഖ്യാപിക്കണമെന്ന നിർദ്ദേശം വന്നതുകൊണ്ടാണ്. അതുകൊണ്ട് പ്രഖ്യാപിക്കാൻ കഴിയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: റൂൾ 304 കൊണ്ട് പ്രയോജനം ഇല്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. തെരഞ്ഞെടുപ്പ് വരുമ്പോൾ രാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിക്കാമെന്നല്ലാതെ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് മന്ത്രി പറഞ്ഞ സാഹചര്യത്തിൽ ഇനി ഇത്തരത്തിലുള്ള നിവേദനങ്ങൾക്ക് അവസരം കൊടുക്കാതിരിക്കുകയാണ് നല്ലത്. സമയം പാഴാക്കിയിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly